# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 207/2025 തിരുവനന്തപുരം, തീയതി: 20.09.2025**

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം-2025
## സ്പോട്ട് അലോട്ട്മെന്റ്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ **22** ന് പാളയം കേരള സർവകലാശാല സെനറ്റ് ഹാളിൽ വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. നിലവിൽ രജിസ്ട്രേഷൻ ചെയ്യാത്ത വിദ്യാർത്ഥികൾക്ക് **19.09.2025** വരെ അഡ്മിഷൻ വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികളെ ഈ സ്പോട്ട് അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല. സ്പോട്ട് രജിസ്ട്രേഷൻ സമയം രാവിലെ **8.30** മുതൽ **10** മണി വരെ. വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി സർവകലാശാല സെനറ്റ് ഹാളിൽ രാവിലെ **10** മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി സമയം കഴിഞ്ഞു വരുന്നവരെ നിർദിഷ്ട സമയത്തിനുള്ളിൽ ഹാജരായ വിദ്യാർത്ഥികളെ പരിഗണിച്ച ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യ പത്രം **(Authorization Letter)** നൽകി പ്രതിനിധിയെ അയക്കാവുന്നതാണ്. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും **(**പ്ലസ് ടു/തത്തുല്യം**)**, ടി. സിയും, സ്പെഷ്യൽ വെയിറ്റേജും **(NSS, NCC, SPC, EX-SERVICE) Medical Board Certificate /Permanant Disability Card for PWD candidates)** തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ/പകർപ്പുകൾ ഉണ്ടായിരിക്കണം. സ്പോട്ട് അലോട്ട്മെന്റിൽ കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതു വരെ അഡ്മിഷൻ ഫീസ് അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ **(**എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് **1390/-** രൂപ, ജനറൽ മറ്റ് സംവരണ വിഭാഗങ്ങൾക്ക് **2800/-** രൂപ**)** അടയ്ക്കേതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്. വിശദവിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് **(https://admissions.keralauniversity.ac.in/fyugp2025)** സന്ദർശിക്കുക.

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം-2025
## സ്പോട്ട് അലോട്ട്മെന്റ്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ **23** ന് പാളയം കേരള സർവകലാശാല സെനറ്റ് ഹാളിൽ വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. നിലവിൽ രജിസ്ട്രേഷൻ ചെയ്യാത്ത വിദ്യാർത്ഥികൾക്ക് **19.09.2025** വരെ അഡ്മിഷൻ വെബ് സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികളെ ഈ സ്പോട്ട് അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല. സ്പോട്ട്

രജിസ്ട്രേഷൻ സമയം രാവിലെ **8.30** മുതൽ **10** മണി വരെ. വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി സർവകലാശാല സെനറ്റ് ഹാളിൽ രാവിലെ **10** മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി സമയം കഴിഞ്ഞു വരുന്നവരെ നിർദിഷ്ട സമയത്തിനുള്ളിൽ ഹാജരായ വിദ്യാർത്ഥികളെ പരിഗണിച്ച ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം **(Authorization Letter)** നൽകി പ്രതിനിധിയെ അയക്കാവുന്നതാണ്. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും **(Degree Marklist)** , ടി. സിയും, സ്പെഷ്യൽ വെയിറ്റേജും **(NSS,NCC), Medical Board Certificate/Permanant Disability Card for PWD candidates)** തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ/പകർപ്പുകൾ ഉണ്ടായിരിക്കണം. ഇതര സർവകലാശാലകളിൽ നിന്നും യോഗ്യത ഡിഗ്രി പൂർത്തിയാക്കിയ വിദ്യാർഥികൾ പ്രസ്തുത പി ജി കോഴ്സ് പഠനത്തിന് കേരള സർവകലാശാല അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന യോഗ്യതാ/തുല്യത സർട്ടിഫിക്കറ്റിന്റെ **(Equivalency/Eligibility Certificate)** അസ്സൽ/ പകർപ്പ് ഹാജരാക്കേണ്ടതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതു വരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി/**OEC** വിഭാഗങ്ങൾക്ക് **200/-** രൂപ, ജനറൽ മറ്റ് സംവരണ വിഭാഗങ്ങൾക്ക് **1430/-** രൂപ) അടയ്ക്കേതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്. വിശദവിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് (**https://admissions.keralauniversity.ac.in/pg2025**) സന്ദർശിക്കുക.

## ഒന്നാം വർഷ ബിരുദ പ്രവേശനം - 2025
## കോളേജ്തല സ്പോർട്സ് ക്വാട്ട സ്പോട്ട് അഡ്മിഷൻ
## സെപ്റ്റംബർ 23 ന്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലെയും ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ അതാത് കോളേജുകളിൽ സെപ്റ്റംബർ 23 ന് നടത്തുന്നതാണ്. സ്പോർട്സ് ക്വാട്ടയിൽ അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ഒരേ ഷെഡ്യൂൾ തന്നെയാണ് സ്പോട്ട് അഡ്മിഷൻ നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളിൽ പങ്കെടുക്കാൻ രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. രക്ഷകർത്താവ്/പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട authorization letter, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് എന്നിവ ഹാജരാക്കണം. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക. https://admissions.keralauniversity.ac.in/fyugp2025. ഹെൽപ്പ്ലൈൻ നമ്പർ: 8281883052

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം - 2025
## കോളേജ്തല സ്പോർട്സ് ക്വാട്ട സ്പോട്ട് അഡ്മിഷൻ
## സെപ്റ്റംബർ 22 ന്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലെയും ബിരുദാനന്തര ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ അതാത് കോളേജുകളിൽ സെപ്റ്റംബർ 22 ന്

നടത്തുന്നതാണ്. സ്പോർട്സ് ക്വാട്ടയിൽ അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ഒരേ ഷെഡ്യൂൾ തന്നെയാണ് സ്പോട്ട് അഡ്മിഷൻ നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളിൽ പങ്കെടുക്കാൻ രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. രക്ഷകർത്താവ്/ പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട authorization letter, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് എന്നിവ ഹാജരാക്കണം. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക. https://admissions.keralauniversity.ac.in/pg2025. ഹെൽപ് ലൈൻ നമ്പർ: 8281883052.

## പരീക്ഷാഫലം

കേരളസർവകലാശാല 2025 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎ സോഷ്യോളജി (റെഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2025 സെപ്റ്റംബർ 28 വരെ **www.slcm.keralauniversity.ac.in** മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബികോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിന്റെ പ്രാക്ടിക്കൽ 2025 സെപ്റ്റംബർ 22, 23, 24, 25 എന്നീ തീയതികളിൽ അതാത് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു.

മടത്തറ ട്രാവൻകൂർ ആർട്സ് ആന്റ് സയൻസ് കോളേജ് പരീക്ഷാകേന്ദ്രമായി തെരെഞ്ഞെടുത്ത വിദ്യാർത്ഥികൾ 2025 സെപ്റ്റംബർ 23 ന് പനവൂർ മുസ്ലീം അസോസിയേഷൻ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിലും, യു.ഐ.ടി. മുതുകുളം പരീക്ഷാകേന്ദ്രമായി തെരെഞ്ഞെടുത്ത വിദ്യാർത്ഥികൾ 2025 സെപ്റ്റംബർ 25 ന് യു.ഐ.ടി. കരുവാറ്റയിലും പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2024 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബിഎഡ് പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 സെപ്റ്റംബർ 22 മുതൽ 29 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഇ.ജെ. III സെക്ഷനിൽ ഹാജരാകേണ്ടതാണ്.

കേരളസർവകലാശാല 2024 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ന്യൂജെൻ യു.ജി. ഡബിൾ മെയിൻ പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 സെപ്റ്റംബർ 23 മുതൽ 27 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. II സെക്ഷനിൽ ഹാജരാകേണ്ടതാണ്.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2024 നവംബറിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ എംകോം പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 സെപ്റ്റംബർ 23 മുതൽ 27 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. II സെക്ഷനിൽ ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**